# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 630

02-12-2014-ൽ മറുപടിക്ക്

## കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് ; | (എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻപദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട സ്ഥലം കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ്ലൈൻ ആക്ട് അനുസരിച്ച് ഉപയോഗ അവകാശം (RoU) എടുക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യക്കു വേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര മായി നിശ്ചയിച്ചിരുന്ന തുക ന്യായ വിലയുടെ 10 ശതമാനമായിരുന്നത് സംസ്ഥാനത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ സർക്കാരിന്റെ സമ്മർദ്ദ ഫലമായി ഗെയിൽ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കി. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി ഗെയിൽ ഇന്ത്യ കരാറുകാരെ നിയോഗിച്ചു. സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധി കൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിലെ ജില്ലാകളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും പദ്ധതി നടപ്പിലാക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ്ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിലൂടെ മാറ്റി നിശ്ചയിക്കുന്ന വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് |

സമർപ്പിക്കുവാൻ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാതല സമിതിയും, സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയും സർക്കാർ രൂപീകരിച്ചു. വിശദമായ പഠനങ്ങൾക്കൊടുവിൽ കനോലി കനാലിലൂടെയുള്ള പൈപ്പ്ലൈൻ നിർമ്മാണം സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമല്ല എന്നായിരുന്നു ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ.

പൈപ്പ്ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നടത്തുന്നതിനും പദ്ധതിയെക്കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധിവരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

**(ബി)** കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ;

**(ബി)** കണ്ണൂർ ജില്ലയിൽ ഉപയോഗാവകാശത്തിനുള്ള 83.6 കി.മീറ്ററിൽ, P & MP Act സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. 3 SV (സെക്ഷണലൈസിംഗ് വാൽവ്) സ്റ്റേഷനു വേണ്ട ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള 1 IP സ്റ്റേഷൻ, 3 SV സ്റ്റേഷനുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. കൂടാതെ 34 കി.മീറ്റർ ഭൂമിയുടെ മഹസർ തയ്യാറാക്കിയിട്ടുമുണ്ട്.

**(സി)** ഇതുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് എന്തൊക്കെ നഷ്ട പരിഹാരങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

**(സി)** പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിന് നൽകുന്നുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ഭൂമി നഷ്ടപ്പെടുന്നില്ല. വിനിയോഗാവകാശമുള്ള ഭൂമിയുടെ ന്യായവിലയുടെ 10 ശതമാനമാണ് P & MP ആക്റ്റ് പ്രകാരം

നഷ്ടപരിഹാരമായി നൽകുവാൻ വ്യവസ്ഥ യുള്ളത്. എന്നാൽ സംസ്ഥാനത്തെ സവിശേഷമായ സാഹചര്യം പരിഗണിച്ച് നഷ്ടപരിഹാരത്തുക 50% വരെ നൽകുവാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ഗെയിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ